(ഡി) അന്വേഷണം നടത്തിയതിൽ മേൽ ജീവനക്കാരൻ തെറ്റുകാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇല്ലായെങ്കിൽ കാരണം അറിയിക്കുമോ;

(ഇ) സൂപ്പർമാർക്കറ്റുപോലെയുള്ള ജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന സ്ഥാപനങ്ങളിൽ ഇരുന്ന് വളരെ മോശം പെരുമാറ്റം നിരന്തരമായി നടത്തുന്ന ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിലെ സപ്ലൈകോ സൂപ്പർ മാർക്കറ്റിലെ ഓഫീസർ ഇൻ-ചാർജ് 4-4-2013-ന് ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചു.

(ബി) 4 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി&ഡി) ടിയാനെതിരെ ലഭിച്ച പരാതിയിന്മേൽ കൊല്ലം ഡിപ്പോ ജൂനിയർ മാനേജർ (എം & ഐ), കൊല്ലം ഡിപ്പോ മാനേജർ എന്നിവർ അന്വേഷണം നടത്തുകയും ഒരു പരാതിയിൽ കഴമ്പുണ്ടെന്നു കണ്ടെത്തുകയും ചെയ്തു. ആയതിനെ തുടർന്ന് ടിയാന് കർശന താക്കീത നൽകിയിട്ടുണ്ട്. ഉപഭോക്താക്കളിൽ നിന്നും ഏതെങ്കിലും വിധത്തിലുള്ള പരാതി ലഭിക്കുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണെന്ന വിവരം സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഇ) പരിശോധിച്ച് ഉചിതമായ നടപടി എടുക്കുന്നതാണ്.

ഗാർഹികാവശ്യത്തിനുള്ള എൽ.പി.ജി. ഗ്യാസ് കൃത്യമായി ലഭ്യമാക്കാൻ നടപടി

202 (4834) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യത്തിനുള്ള എൽ.പി.ജി. ഗ്യാസ് ഉപഭോക്താക്കൾക്ക് കൃത്യമായി ലഭിക്കുന്നില്ല എന്ന വ്യാപക പരാതി പരിഹരിക്കാൻ എന്ത നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്യാസ് ഏജൻസികളുടെ പ്രവർത്തന സമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ എങ്കിൽ അത വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ സർക്കാർ അവധി ദിനങ്ങളും ഗ്യാസ് ഏജൻസികൾക്ക് ബാധകമാണോ?

(ഡി) നിശ്ചിത സമയപരിധിക്കുള്ളിൽ ഉപഭോക്താക്കൾക്ക് ഗ്യാസ് നിറച്ച സിലിണ്ടർ നൽകണമെന്ന് വ്യവസ്ഥയുണ്ടോ? എങ്കിൽ അത് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാചക വാതക വിതരണരംഗത്തെ അവശ്യസേവനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫാറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫാറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ പാചകവാതക വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യത്തിന് വേണ്ട സിലിണ്ടറുകൾ വിപണിയിൽ ലഭ്യമാക്കുവാൻ എണ്ണകമ്പനികളുടെ സംസ്ഥാന തല കോ-ഓർഡിനേറ്ററിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. രാവിലെ 8.30 മുതൽ 5.30 വരെ ഉച്ചയ്ക്ക് 1.00 മുതൽ 1.30 വരെ അരമണിക്കൂർ ഇടവേളയോടുകൂടിയാണ് പാചക വാതക വിതരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

(സി) അല്ല

(ഡി) സാധാരണഗതിയിൽ സിലിണ്ടർ ബുക്ക് ചെയ്താൽ 48 മണിക്കൂറിനകം ലഭ്യമാക്കാൻ ഓയിൽ കമ്പനികൾ ശ്രമിക്കാറുണ്ട്. എന്നാൽ, പ്രകൃതി ദുരന്തങ്ങൾ, സമരങ്ങൾ, ഹർത്താലുകൾ, സിലിണ്ടറുകളുടെ ലഭ്യതക്കുറവ് എന്നിവ മൂലം ഇതിൽ താമസം നേരിടാറുണ്ടെന്നും എണ്ണകമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

നിയന്ത്രണാതീതമായുണ്ടാകുന്ന വിലക്കയറ്റം തടഞ്ഞുനിർത്താൻ

203 (4835) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയന്ത്രണാതീതമായുണ്ടാകുന്ന വിലക്കയറ്റം തടഞ്ഞുനിർത്താൻ ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മാർക്കിറ്റിടപടലുകൾക്കായി പ്രതിവർഷം എത്ര തുക നീക്കിവച്ചിരുന്നെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly